# യാത്ര തുടരട്ടെ ....

ഫാദർജി

സ്ഥാനപ്പേരും റ്റൈറ്റിലുമില്ലാതെ തികച്ചും സാധാരണക്കാരനായിട്ടാണ് സ്വയം പരിചയപ്പെടുത്തിയത്. മനസ്സിലാക്കാനും ഉൾക്കൊള്ളുവാനും വിഷമമുള്ള വിശേഷണങ്ങളൊന്നും അവന്റെ പേരിന്റെ പിമ്പും മുമ്പും ഇല്ലായിരുന്നു. സ്നേഹാതുരത്വം സ്മരിക്കുന്ന ഹൃദയത്തിന്റെ ഭാഷയിൽ അവൻ പരിചയപ്പെടുത്തി.

ഞാൻ വാതിലാകുന്നു, ഞാൻ വെളിച്ചമാകുന്നു,
ഞാൻ ഇടയനാകുന്നു, ഞാൻ സ്നേഹിതനാകുന്നു ..........

എത്ര ലളിതമാണീ സ്വയശൂന്യ വത്ക്കരണത്തിന്റെ ആത്മവിശേഷണങ്ങൾ! കണ്ടവർക്കും കേട്ടവർക്കും അടുത്തറിഞ്ഞവർക്കും രണ്ടായിരം വർഷങ്ങൾക്ക് ശേഷം ആത്മാവിലറിയുന്ന നമുക്കും ഊഷ്മള വികാരമുണർത്തുന്ന ആത്മ മിത്രമാണ് ക്രിസ്തു.

ക്രിസ്തു പറഞ്ഞു: ഞാൻ വാതിലാകുന്നു. എന്താണീ വാതിലിന്റെ പ്രത്യേകത?
കഴിഞ്ഞകാല ജീവിതത്തിനിടയ്ക്ക് വാതിലുകൾ ഏറെ കണ്ടവരാണല്ലോ നമ്മൾ?
മുട്ടിത്തുറന്ന പല വാതിലുകളും കടന്നു ചെല്ലാൻ പറ്റിയവയല്ലെന്നു മനസ്സിലായി.
എത്രയോ വാതിലുകളിൽ മുട്ടി, പക്ഷേ തുറന്നില്ല.
കരുണയില്ലാതെ നമുക്കു മുമ്പിൽ കൊട്ടിയടച്ച വാതിലുകളും, അപമാനഭാരത്തോടെ നിറകണ്ണുകളോടെ നിസ്സഹായരായി നാം നിന്ന വാതിലുകളും അനവധി.

ധാർമ്മിക മൂല്യങ്ങളും ജീവിതവിശുദ്ധിയുമില്ലാത്തവരുടെ മുമ്പിൽ ഹൃദയ വാതിൽ തുറന്നു കൊടുത്തതിന്റെ തിക്താനുഭവങ്ങൾ ഇന്നും ഉണങ്ങാത്ത മുറിപ്പാടുകളും അടിവരയിട്ട നഷ്ടബോധവുമായി ഓർമ്മയുടെ ഫയലിലുണ്ട്.

വാതിൽ ചവുട്ടിപ്പൊളിച്ച് അകത്തു കടന്ന് സ്വപ്ന ഗോപുരങ്ങൾ തട്ടിതകർത്ത കശ്മലന്റെ ഭീകരസ്വരൂപവും അതിനുശേഷം സമൂഹത്തിന്റെ മുമ്പിൽ കൊട്ടിയടച്ചു സാക്ഷയിട്ട ഹൃദയവാതിലും നീ മാത്രമറിയുന്ന സ്വകാര്യ ദുഃഖങ്ങൾ.

അങ്ങനെ നമ്മങ്ങൾ കണ്ടതും മുട്ടിയതും അകത്തു കടന്നതുമായ വാതിലുകളുടെ ദിനവൃത്താന്തങ്ങൾ സ്മരണയുടെ പുസ്തകത്തിൽ ഒരായിരം.

ഇവയിൽ നിന്നൊക്കെ തികച്ചും വ്യത്യസ്തമാണ ക്രിസ്തു എന്ന വാതിൽ. ശാന്തിയും സാന്ത്വനവും സമാധാനവും നൽകുന്ന സുരക്ഷിത കവാടമാണ് ക്രിസ്തു.

'നിത്യതയിലേക്കുള്ള വഴി ഇതിലേ, ഇതിലേ,'

എന്നു മത്സരിച്ചു വിളിച്ചു വിശ്വാസികളെ പ്രലോഭിപ്പിക്കുന്ന ആത്മീയ വ്യവസായ മാർജിൻ ഫ്രീ മാർക്കറ്റിൽ, ന്റെ ചങ്ങാതി, സൂക്ഷിച്ചില്ലെങ്കിൽ വഴിതെറ്റിപ്പോകും.

പരിശുദ്ധൻമാരും ആത്മീയനേതാക്കൻമാരും സ്വർഗ്ഗത്തിലേക്കുള്ള വഴിയും വാതിലുമല്ല. വഴി ചൂണ്ടിക്കാണിക്കുവാൻ നിയോഗിക്കപ്പെട്ടവർ മാത്രമാണ്. സഭയും കൂട്ടായ്മയും ധ്യാനകേന്ദ്രങ്ങളും സ്വർഗ്ഗത്തിലേക്കുള്ള വാതിലല്ല. യഥാർത്ഥ സ്വർഗ്ഗ വാതിലായ ക്രിസ്തുവിനെ പരിചയപ്പെടുത്തുവാനുള്ള താൽക്കാലിക വേദികൾ മാത്രമാണ്. ക്രിസ്തുവിനേക്കാൾ കൂടുതൽ പ്രാധാന്യം അവക്കു നൽകരുത്.

ആത്മീയ ശുശ്രൂഷകളും അനുഷ്ഠാനങ്ങളും സ്വർഗ്ഗത്തിലേക്കുള്ള ഷോർട്ട് കട്ടുകളല്ല, നിത്യരക്ഷക്കുള്ള ഉപാധികളുമല്ല. ക്രിസ്തുവിൽ അനുരൂപരാകുവാൻ ആത്മ ശരീര മനസ്സുകളെ ഒരുക്കുവാൻ സഹായിക്കുന്ന ഉപാധികൾ മാത്രമാണ്.

നിത്യരക്ഷ ദൈവത്തിന്റെ ദാനമാണ്.

തെറ്റിധരിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുന്ന അനേകരും പരസ്യ ബോർഡുകളുള്ള വാതിലുകൾ ആത്മീയ വീഥിയിൽ കാണാം. വഞ്ചിക്കപ്പെടാതിരിക്കുവാൻ സൂക്ഷിക്കണം. വലയും വിരിച്ച് ഇരപിടിക്കാൻ കാത്തിരിക്കുന്ന കശ്മലന്മാർ അകത്തുണ്ട്.

ആർഭാടങ്ങളും ആഘോഷങ്ങളും വ്യക്തി പൂജകളുമൊരുക്കുന്ന വാതിലുകളിൽ വഴി തെറ്റികടന്നു ചെന്നാൽ നിന്റെ കാര്യം കല്ലേലിട്ട കലം!

ആടുകൾക്ക് സുരക്ഷിതമായി കടന്നുചെല്ലാവുന്ന വാതിലായ ക്രിസ്തു പറഞ്ഞു: 'ഞാനാകുന്നു ആടുകളുടെ വാതിൽ, എനിക്കു മുമ്പേ വന്നവർ കള്ളൻമാരും കവർച്ചക്കാരുമായിരുന്നു. ഒരുവൻ എന്നിലൂടെ പ്രവേശിച്ചാൽ ജീവിക്കും'

വഴിയേതെന്നും ചോദിച്ച ശിഷ്യന്മാരോടു പറഞ്ഞു: 'ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. എന്നിൽ കൂടെ അല്ലാതെ ആരും എന്റെ പിതാവിന്റെ സന്നിധിയിലേക്കു വരികയില്ല.'

സുഹൃത്തെ,

നിത്യതയിലേക്കുള്ള ഏകവാതിൽ ക്രിസ്തു മാത്രമാണ്. ഈ വാതിലൂടെ നീ കടന്നെങ്കിൽ മാത്രമേ നിന്റെ മക്കളും, തലമുറകളും നിത്യരക്ഷയുടെ അവകാശികളാകൂ. 'മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല' അപ്പോ. പ്രവൃത്തി. 4:12

പാപപൂർണ്ണമായ ഈ ലോകത്തിൽ നിത്യരക്ഷ ആഗ്രഹിക്കുന്നവർക്ക് ദൈവം തുറന്നു വച്ചിരിക്കുന്ന സ്വർഗ്ഗ വാതിലാണ് ക്രിസ്തു. ഇതു നിനക്കു ചൂണ്ടിക്കാണിക്കുവാൻ മാത്രമേ സഭയ്ക്കു കഴിയൂ. തിരുവചനത്തിന്റെ വഴിയിലൂടെ നിത്യ രക്ഷയുടെ വാതിലായ ക്രിസ്തുവിലേയ്ക്കുള്ള അന്വേഷണ യാത്ര നീ തന്നെ നടത്തണം. അതാണ് മോക്ഷയാത്ര. അതെത്തിച്ചേരുന്നത് ക്രിസ്തു എന്ന മഹത്വ രാജാവിന്റെ സുരക്ഷാ കവാടത്തിലാണ്.

നിനക്കായി ഒരുക്കപ്പെട്ട വാസസ്ഥലമുണ്ടതിനുള്ളിൽ. വഴിതെറ്റാതെ, വാതിൽ മാറിപ്പോകാതെ ചലോ ബായി, ചലോ നാ... ... ...

Faithedge